# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 703 9-8-2017 ൽ മറുപടിക്ക്

## വായ്പയെടുക്കുന്നവർക്ക് ആശ്വാസ നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജോർജ്ജ് എം. തോമസ് | | ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പ് മന്ത്രി |
| എ) | സഹകരണ മേഖലയുൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് കടക്കെണിയിലായ എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് വകുപ്പ് നൽകുന്ന ആശ്വാസ നടപടികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | എ) | പട്ടികജാതി വിഭാഗങ്ങൾ<br><br>കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010 ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെയുള്ള കുടിശ്ശികകൾ എഴുതിത്തള്ളുന്നതിന് 30.03.2015 ലെ സ.ഉ. (അച്ചടി) നം. 24/2015/പജപവവിവ നം. ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗങ്ങൾ<br><br>പട്ടികവർഗ്ഗക്കാർ സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, ദേശസാത്കൃത ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 01.4.2006 മുതൽ 31.03.14 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ (മുതലും, |

| | | | |
|---|---|---|---|
| | | | പലിശയും, പിഴപ്പലിശയും മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതി തള്ളുന്ന പദ്ധതി 01.10.2015-ലെ സ.ഉ. (അച്ചടി) നം. 71/15/പജപവവിവ പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) | ഇതിന്റെ അപേക്ഷ, നടപടിക്രമങ്ങൾ എന്നിവ വിശദമാക്കാമോ? | ബി) | <u>പട്ടികജാതി വിഭാഗങ്ങൾ</u><br>അപേക്ഷയുടെ മാതൃക അനുബന്ധമായി ചേർക്കുന്നു.<br>കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010 ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെയുള്ള കുടിശ്ശികകൾ എഴുതിത്തള്ളുന്നതിന് 30.03.2015 ലെ സ.ഉ. (അച്ചടി) നം. 24/2015/പജപവവിവ നം. ഉത്തരവ് പ്രകാരം വായ്പാ ആനുകൂല്യത്തിനായി ഗുണഭോക്താക്കൾ ബന്ധപ്പെട്ട വായ്പാസ്ഥാപനത്തിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒരു വ്യക്തിയുടെ ഒരു വായ്പ മാത്രമേ ഈ പദ്ധതി പ്രകാരം എഴുതിതള്ളുകയുള്ളൂ. ഈ പദ്ധതിയിൽ 1.5 ലക്ഷം രൂപയാണ് വാർഷിക വരുമാന പരിധി. ടി പദ്ധതി നടത്തിപ്പിനായി സ്ഥാപനങ്ങൾക്ക് നോഡൽ ഏജൻസി എസ്.സി/എസ്.ടി കോർപ്പറേഷൻ മുഖേന ആവശ്യമായ തുക അനുവദിച്ചു നൽകുന്നുണ്ട്.<br><br><u>പട്ടികവർഗ്ഗ വിഭാഗങ്ങൾ</u><br><br>സ.ഉ.(അ) നം. 71/2015/പജപവവിവ തീയതി 1/10/2015 ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ മുഖേനയാണ് പട്ടികവർഗ്ഗക്കാരുടെ 1,00,000 രൂപ വരെയുള്ള വായ്പകൾ എഴുതിതള്ളുന്നത്.<br>പട്ടികവർഗ്ഗക്കാർ സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, ദേശസാത്കൃത ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | എടുത്തിട്ടുള്ളതും 01.4.2006 മുതൽ 31.03.14 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ (മുതലും, പലിശയും, പിഴപ്പലിശയും മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതി തള്ളുന്ന പദ്ധതി പ്രകാരം മേൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും അർഹരായവരുടെ അപേക്ഷ ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് ലഭ്യമാക്കി, അർഹതയുള്ളത് സംബന്ധിച്ച ശുപാർശ സഹിതം ബന്ധപ്പെട്ട ട്രൈബൽ ജില്ലാ ഓഫീസർക്ക് ലഭ്യമാക്കുന്നു. ആയത് ജില്ലാ ഓഫീസർമാർ സൂക്ഷ്മപരിശോധ നടത്തി എഴുതിതള്ളേണ്ട തുകയുടെ വിശദാംശങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്കു ലഭ്യമാക്കി ടി പദ്ധതിയുടെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിരിക്കുന്ന എസ്.സി/എസ്.റ്റി കോർപ്പറേഷൻ തുക എഴുതിതള്ളുന്നതിനുള്ള അനുമതി ലഭ്യമാക്കുകയുമാണ് ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ

3/3949/2009/DTP

# അനുബന്ധം-[illegible]

സ്ഥാപനത്തിന്റെ പേര്

| (1) | (2) | (3) | (4) | (5) | | (6) | (7) | (8) | (9) | | | (10) | | | | (11) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | പലിശ നിരക്ക് | | | | | സർക്കാർ എഴുതിത്തള്ളേണ്ട തുക സംബന്ധിച്ച വിവരങ്ങൾ | | | വായ്പ വിതരണം ചെയ്ത സ്ഥാപനം എഴുതിത്തള്ളേണ്ട തുക സംബന്ധിച്ച വിവരങ്ങൾ | | | | |
| ക്രമ നമ്പർ | വായ്പക്കാരന്റെ പേര് | വായ്പക്കാരന്റെ സമുദായം (പട്ടികജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ) | വായ്പക്കാരന്റെ വിലാസം | കടംകൊടുത്ത സ്ഥാപനം (പ്രഥമ ദാതാവ്) | കടംകൊടുത്ത സ്ഥാപനം (പുനർ ദാതാവ്) | വായ്പ സംബന്ധിച്ച സ്ഥാപനത്തിന്റെ പരാമർശ നമ്പർ | കടം വാങ്ങിയ മുതൽ തുക | 31-3-2006-ൽ കുടിശ്ശികയായ തുക | 31-3-2009-ൽ കുടിശ്ശികയായിട്ടുള്ള മുതൽ തുക | പുനർ ദാതാവിന്റെ പലിശ നിരക്കിനനുസരിച്ച് 31-3-2009-ൽ കുടിശ്ശികയായിട്ടുള്ള പലിശതുക | സർക്കാർ എഴുതിത്തള്ളേണ്ട ആകെ തുക | വായ്പ നൽകിയ സ്ഥാപനത്തിന്റെ പലിശ നിരക്കിനുപരിയായി ഈടാക്കിയ പലിശ തുക | പിഴപലിശ | മറ്റിനം | വായ്പ നൽകിയ സ്ഥാപനം എഴുതിത്തള്ളേണ്ട ആകെ തുക | വായ്പക്കാരന്റെ വാർഷിക വരുമാനം (വില്ലേജ് ആഫീസർ സാക്ഷ്യപ്പെടുത്തിയ തുക) |

സെക്ഷൻ ഓഫീസർ